**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5337** **21-03-2025 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2018-ൽ നിരത്തിലുള്ള ആകെ വാഹനങ്ങളുടെ എണ്ണം ഒരു കോടി ആയിരുന്നത് നിലവിൽ 1.75 കോടിയായി വർദ്ധിച്ച സാഹചര്യത്തിൽ മോട്ടോർ വാഹന വകുപ്പിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് വകുപ്പിനെ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മോട്ടോർ വാഹന വകുപ്പിൽ 09.02.2018-ലെ സ.ഉ(കൈ)നം.11/2018/ഗതാഗതം, 11.02.2019-ലെ സ.ഉ.(കൈ)നം.13/2019/ഗതാഗതം എന്നീ ഉത്തരവുകൾ പ്രകാരം പുതിയതായി രൂപീകരിച്ച 13 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലായി Joint RTO – 13, MVI - 13, AMVI – 26, Head Accountant/Head Clerk – 13, Senior Clerk – 7, Clerk – 25, Typist – 6, Attender – 6 എന്ന നിലയിൽ 109 തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതാണ്.<br><br>കൂടാതെ, മോട്ടോർ വാഹന വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസലുകളിന്മേൽ സമഗ്രമായ പ്രവൃത്തി പഠനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതും ആയതിലേക്ക് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (ബി) | സംസ്ഥാനത്തെ റോഡപകടങ്ങളും നിയമലംഘനങ്ങളും കുറയ്ക്കാനായി 2018-ൽ നടപ്പാക്കിയ "സേഫ് കേരള പദ്ധതി" യുടെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്ത കാരണത്താൽ പ്രതിദിനം എട്ട് മണിക്കൂർ മാത്രമാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട സ്ക്വാഡ് നിലവിൽ 24 മണിക്കൂറും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (സി) | മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥ ക്ഷാമം പരിഹരിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റിൽ നിന്നും, 198 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും 510 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള A1/171/2022-TC, A1/29/2024-TC നമ്പർ ശിപാർശകളിന്മേൽ | (സി) | മോട്ടോർ വാഹന വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ സമർപ്പിച്ച A1/171/2022-TC, A1/29/2024-TC നമ്പർ പ്രൊപ്പോസലുകൾ സി1/193/2022/ഗതാ, സി1/108/2024/ഗതാ എന്നീ ഫയലുകളിൽ പരിശോധിച്ചിട്ടുള്ളതും, സമഗ്രമായ പ്രവൃത്തി പഠനം നടത്തുന്നതിന് ഉദ്യോഗസ്ഥ |

| | | | | |
|---|---|---|---|---|
| | എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ; | | ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>കൂടാതെ ചെക്ക് പോസ്റ്റുകളിൽ Automatic Number Plate Recognition (ANPR) ക്യാമറകൾ സ്ഥാപിക്കുകയും, നിലവിൽ GST വകുപ്പിന്റെ ക്യാമറ ലഭ്യമായ സ്ഥലങ്ങളിൽ ഈ ക്യാമറകളിലെ ദൃശ്യങ്ങൾ ലഭ്യമാക്കുകയും ചെയ്ത് വാഹൻ ഡാറ്റാബേസുമായി ചേർത്ത് പരിശോധിച്ച് രേഖകളുടെ സാധുത വിശകലനം ചെയ്യുകയും ഫിറ്റ്നസ്, പെർമിറ്റ്, ടാക്സ് തുടങ്ങിയ രേഖകൾ കാലാവധിയില്ലാത്ത വാഹനങ്ങളാണെന്ന് ബോദ്ധ്യപ്പെട്ടാൽ ഇത് സംബന്ധിച്ച സന്ദേശം എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ലഭിക്കത്തക്ക രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി വരുന്നു.<br><br>സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാലാനുസൃതമായി മോട്ടോർ വാഹന വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. നിലവിൽ 675 എ.ഐ. ക്യാമറ ഉൾപ്പെടെ 726 ക്യാമറകൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വാഹനാപകടങ്ങൾ ഒരു പരിധിവരെ കുറയ്ക്കുവാൻ ആയത് കാരണമായിട്ടുണ്ട്. 100 വാഹനങ്ങളിൽ നിലവിൽ ഡാഷ് ബോർഡ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിലെ എല്ലാ വാഹനങ്ങളിലും ഡാഷ് ബോർഡ് ക്യാമറ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആൽക്കോ മീറ്റർ, ഡെസിബൽ മീറ്റർ എന്നിവ ഉപയോഗിച്ച് നിലവിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>കൂടാതെ, എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കായി Breath Analyser, Expandable metal barriers, LED display warning boards in vehicles, Cellular based walkie talkie, Speed Radar എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | വാഹന ബാഹുല്യവും രാജ്യത്തെ ആകെ വാഹന അപകടങ്ങളുടെ 10 ശതമാനവും സംഭവിക്കുന്നത് ജനസംഖ്യയുടെ 2.7 ശതമാനം മാത്രമുള്ള കേരളത്തിലാണെന്ന വസ്തുതയും കണക്കിലെടുത്ത് മതിയായ തസ്തികകളും സാങ്കേതിക സൗകര്യങ്ങളും സൃഷ്ടിച്ച് മോട്ടോർ വാഹന വകുപ്പിനെ കാലാനുസൃതമായി നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി നടപടികൾ സ്വീകരിക്കാമോ? | (ഡി) | മോട്ടോർ വാഹന വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ സമർപ്പിച്ച A1/171/2022-TC, A1/29/2024-TC നമ്പർ പ്രൊപ്പോസലുകൾ സി1/193/2022/ഗതാ, സി1/108/2024/ഗതാ എന്നീ ഫയലുകളിൽ പരിശോധിച്ചിട്ടുള്ളതും, സമഗ്രമായ പ്രവൃത്തി പഠനം നടത്തുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>കൂടാതെ ചെക്ക് പോസ്റ്റുകളിൽ Automatic Number Plate Recognition (ANPR) ക്യാമറകൾ സ്ഥാപിക്കുകയും, നിലവിൽ GST വകുപ്പിന്റെ ക്യാമറ ലഭ്യമായ സ്ഥലങ്ങളിൽ ഈ ക്യാമറകളിലെ ദൃശ്യങ്ങൾ ലഭ്യമാക്കുകയും ചെയ്ത് വാഹൻ ഡാറ്റാബേസുമായി ചേർത്ത് പരിശോധിച്ച് രേഖകളുടെ സാധുത വിശകലനം ചെയ്യുകയും ഫിറ്റ്നസ്, പെർമിറ്റ്, ടാക്സ് തുടങ്ങിയ രേഖകൾ കാലാവധിയില്ലാത്ത വാഹനങ്ങളാണെന്ന് ബോദ്ധ്യപ്പെട്ടാൽ ഇത് സംബന്ധിച്ച സന്ദേശം എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ലഭിക്കത്തക്ക രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി വരുന്നു.<br><br>സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാലാനുസൃതമായി മോട്ടോർ വാഹന വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. നിലവിൽ 675 എ.ഐ. ക്യാമറ ഉൾപ്പെടെ 726 ക്യാമറകൾ ഉപയോഗിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വാഹനാപകടങ്ങൾ ഒരു പരിധിവരെ കുറയ്ക്കുവാൻ ആയത് കാരണമായിട്ടുണ്ട്. 100 വാഹനങ്ങളിൽ നിലവിൽ ഡാഷ് ബോർഡ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിലെ എല്ലാ വാഹനങ്ങളിലും ഡാഷ് ബോർഡ് ക്യാമറ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആൽക്കോ മീറ്റർ, ഡെസിബൽ മീറ്റർ എന്നിവ ഉപയോഗിച്ച് നിലവിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>കൂടാതെ, എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കായി Breath Analyser, Expandable metal barriers, LED display warning boards in vehicles, Cellular based walkie talkie, Speed Radar എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ